പുസ്തകം

●

കെ. അശ്റഫ്



# ബ്രാഹ്മണിസം വിജ്ഞാനവും അധികാരവും




**അറിയപ്പെടുന്ന** സാമൂഹിക പ്രവര്‍ത്തകനും ചിന്തകനുമാണ് കാഞ്ച ഐലയ്യ. ഉസ്മാനിയ യൂനിവേഴ്സിറ്റിയിലെ പൊളിറ്റിക്കല്‍ ഡിപ്പാര്‍ട്ട്മെന്റില്‍ പ്രഫസറാണ് അദ്ദേഹം. ജാതീയതക്കെതിരായ തുറന്ന പോരാട്ടത്തിന് നേതൃത്വം നല്‍കുന്ന കാഞ്ച ഐലയ്യ, ദലിത്-ബഹുജന്‍ പ്രശ്നങ്ങളെ അന്താരാഷ്ട്ര ശ്രദ്ധയില്‍ കൊണ്ടുവരാന്‍ സഹായിച്ച വ്യക്തിത്വമാണ്. നിരവധി പുസ്തകങ്ങളുടെ കര്‍ത്താവാണ് അദ്ദേഹം. 'ഞാനെന്തുകൊണ്ട് ഒരു ഹിന്ദുവല്ല', 'എരുമ ദേശീയത', 'ബുദ്ധന്‍ എന്ന രാഷ്ട്രീയ തത്ത്വചിന്തകന്‍' തുടങ്ങിയ പുസ്തകങ്ങള്‍ മലയാളമടക്കമുള്ള ഭാഷകളിലേക്ക് വിവര്‍ത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കുറുമ ഗൊല്ല (Kuruma Golla) എന്ന ഒ.ബി.സി വിഭാഗത്തില്‍ ജനിച്ച കാഞ്ച ഐലയ്യയുടെ അച്ഛനും അമ്മയും നിരക്ഷരരായിരുന്നു. ജാതീയത കൊടികുത്തിവാഴുന്ന ഗ്രാമ

ത്തിൽനിന്ന് ഉയർന്നുവന്നതാണ് ഐലയ്യ. അതിനാൽ അദ്ദേഹത്തിന്റെ വിശകലനങ്ങൾക്ക് സന്ധി ചെയ്യാൻ തയാറല്ലാത്ത ഒരു പോരാളിയുടെ തീക്ഷ്ണതയുണ്ട്. പിന്മടങ്ങാൻ തയാറല്ലാത്ത നേരിന്റെ ഉറച്ച ബോധ്യങ്ങളുണ്ട്. അക്കാദമിക് വരേണ്യതയുടെ കുപ്പായങ്ങൾ കീറിയെറിഞ്ഞാണ് ഐലയ്യ സ്വന്തം വീക്ഷണങ്ങൾ മുന്നോട്ടു വെക്കുന്നത്.

ഐലയ്യയുടെ ഏറ്റവും പുതിയ പുസ്തകമാണ് സെയ്ജ് പബ്ലിക്കേഷൻ പുറത്തിറക്കിയ *Post HIndu India*. ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ ബ്രഹ്മണിക് വരേണ്യതയിലധിഷ്ഠിതമായ ഹിന്ദുത്വം തകർന്നു പോവുകയാണെന്നും ദലിത്-ബഹുജൻ മുൻകൈയിലുള്ള സാമൂഹിക, ആത്മീയ, രാഷ്ട്രീയ വിപ്ലവം ഇന്ത്യയിൽ വികസിച്ചുവരികയാണെന്നും അദ്ദേഹം വാദിക്കുന്നു. ജാതി മേൽക്കോയ്മയിലധിഷ്ഠിതമായ ഹിന്ദുത്വം ആത്മീയ ഫാഷിസത്തിന്റെ പ്രചാരകരാവുന്നതിന്റെ ചിത്രമാണ് ഐലയ്യ വിവരിക്കുന്നത്. ഇസ്‌ലാം, ക്രിസ്തുമതം, ബുദ്ധമതം തുടങ്ങിയവ സ്വയം നവീകരണത്തിന്റെ പാതയിലൂടെ ഗമിക്കുമ്പോൾ ഹൈന്ദവത അങ്ങേയറ്റം പ്രതിലോമകരമായ ശാസ്ത്രീയ വിരുദ്ധതയും ദേശവിരുദ്ധതയുമാണ് പ്രകടിപ്പിക്കുന്നത്. ഇത് ആത്മീയ വിപ്ലവത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന മറ്റു മതങ്ങളേക്കാൾ ബ്രാഹ്മണിക് ഹൈന്ദവതയെ തകർക്കുന്നു. ഇന്ത്യയിലെ ദലിത് ബഹുജനങ്ങൾ ആത്മീയ വിപ്ലവത്തെ കൊതിക്കുന്നതിനാൽ ബ്രാഹ്മണിക് ഹൈന്ദവതയെ കൈയൊഴിയാൻ നിർബന്ധിതരാവുകയാണ്.

ഈയൊരു വാദഗതിയെ ആന്ധ്രപ്രദേശിലെ ദലിത്-ആദിവാസി-ബഹുജൻ ജീവിതത്തിന്റെ ചരിത്രത്തെയും വർത്തമാനത്തെയും മുൻനിർത്തി പരിശോധിക്കുകയാണ് ഐലയ്യ.

വിജ്ഞാനത്തെയും അധികാരത്തെയും ബന്ധിപ്പിച്ചാണ് കാഞ്ച ഐലയ്യ ഈ പുസ്തകത്തിന്റെ യുക്തി (Logic) വിശദീകരിച്ചിരിക്കുന്നത്. സാമൂഹിക സംവിധാനത്തിനകത്ത് ആധിപത്യവും അധികാരവുമുള്ളവർ തങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി വിജ്ഞാനത്തെ നിർമിക്കുകയും നിലനിർത്തുകയും ചെയ്യുന്നുണ്ട്. നാടൻ പാട്ടുകളിലും പഴമൊഴികളിലും തുടങ്ങി ജനപ്രിയ സിനിമകൾ വരെ ആധിപത്യ പ്രത്യയശാസ്ത്രത്തിന്റെ വൈജ്ഞാനിക മേൽക്കോയ്മയെ നിരന്തരം ഊട്ടിയുറപ്പിക്കാറുണ്ട്. വിജ്ഞാനത്തിൽ ഔദ്യോഗിക വേദികളായിരുന്ന ടെക്സ്റ്റ് ബുക്കുകൾ തുടങ്ങി നിഷ്പക്ഷ വിജ്ഞാനത്തിന്റെ കേദാരങ്ങൾ എന്നു നമ്മൾ തിരിച്ചറിയുന്ന സംവിധാനങ്ങൾ വരെ ഈ അർഥത്തിൽ ആധിപത്യ പ്രത്യയശാസ്ത്രത്തിന്റെ ഹിംസയെ നിരന്തരം പുനരുൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെ ഐലയ്യ ചെയ്യുന്നത് ആധിപത്യ പ്രത്യയശാസ്ത്രത്തിന്റെ വിജ്ഞാനത്തെ തുറന്നു കാട്ടുകയാണ്. വേദങ്ങൾ പാടിപ്പുകഴ്ത്തിയ യുദ്ധങ്ങൾ മറച്ചുവെച്ചത് ബ്രാഹ്മണർ ചെയ്തുകൂട്ടിയ അടിമത്തങ്ങളെയായിരുന്നു. അതായത്, ആധിപത്യ വിജ്ഞാനത്തെ തുറന്നു കാട്ടുന്നതിലൂടെ ആധിപത്യ പ്രത്യയശാസ്ത്രത്തിന്റെ ഹിംസയെ തുറന്നു കാട്ടുകയാണ്.

നമുക്കറിയാവുന്ന പോലെ, മണ്ണിൽ പണിയെടുക്കുന്ന മനുഷ്യന്നാണ് ജീവിതത്തിൽ പുതിയ വൈജ്ഞാനിക മേഖലകൾ -അത് കൃഷിയിലെ പുതിയ സാങ്കേതിക വിദ്യയാവട്ടെ- മനസ്സിലാവുന്നത്. ഇങ്ങനെ ഉൽപാദനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ അറിവുകൾ ഉണ്ടായിരുന്ന കീഴാളർ എങ്ങനെയാണ് 'വിവരം കെട്ടവരും', 'താഴ്ന്ന ജാതിക്കാരും' ആയത്? ഒരു പണിയും ചെയ്യാതെ വേദഗ്രന്ഥങ്ങൾ വെറുതെ പാരാ

യണം ചെയ്താൽ 'വിവരം' ഉണ്ടാവുമോ? ഉൽപാദന മേഖലയാണ് വിജ്ഞാനത്തിന്റെ അടിസ്ഥാനമെന്നത് വളരെ ലളിതമായ ഒരു സാമൂഹിക ശാസ്ത്ര പാഠമാണെന്നാണ് കാഞ്ച ഐലയ്യ പറയുന്നത്. പുതിയ വൈജ്ഞാനിക മേഖലകൾ ഉയർന്നുവരുന്നത് ഉൽപാദന മേഖലയുടെ നിരന്തര നവീകരണത്തിന്റെ ഭാഗമായാണ്. എന്നാൽ ഉൽപാദന മേഖലയുമായി ഒരു ബന്ധവുമില്ലാത്ത ബ്രാഹ്മണർ എങ്ങനെയാണ് വിജ്ഞാനത്തിന്റെ മൊത്ത കുത്തക നേടിയതെന്ന് പരിശോധിക്കുകയാണ് കാഞ്ച ഐലയ്യ. അങ്ങനെ കീഴാളന്റെ (Subaltern) വിജ്ഞാനത്തെ പുതിയൊരു പ്രതലത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരർഥത്തിൽ കീഴാളന്റെ വിജ്ഞാനത്തെ ഒരു പരാന്നഭോജി (Parasite)യായി കാർന്നു തിന്നുകയായിരുന്നു ബ്രാഹ്മണർ.

ഉദാഹരണത്തിന് തുകൽ വ്യവസായം. ചത്ത മൃഗങ്ങളെ സംസ്കരിക്കുക എന്നത് 'അശുദ്ധ' കർമമാണെന്നാണ് ബ്രാഹ്മണന്റെ 'ശാസ്ത്രം' പറയുന്നത്. ഇവിടെ ചത്ത മൃഗത്തിന്റെ തുകൽ എടുത്ത് സംസ്കരിക്കുന്ന കീഴാളർ ഒരു നാടിന്റെ സംസ്കരണമെന്ന ശാസ്ത്രീയവും സാമൂഹികവുമായ ഒരു കടമയാണ് നിർവഹിക്കുന്നത്. ഇത് 'ശാസ്ത്രവും' വൈജ്ഞാനിക പ്രവർത്തനവും അല്ലാതെയാവുകയും ബ്രാഹ്മണന്റെ കർതൃത്വത്തെ(subjectivity) മാത്രം അംഗീകരിക്കുകയും ചെയ്യുന്നു. ഒരു നാടിന്റെ ശുചീകരണവും മറ്റും നിർവഹിക്കുന്നതിനാവശ്യമായ 'വിജ്ഞാനം' ബ്രാഹ്മണന്റെ കണ്ണിൽ (ഇന്ന് ഇന്ത്യൻ മുഖ്യധാരയുടെ കണ്ണിൽ) താഴ്ന്ന ജാതിക്കാരന്റെ 'ജോലി' ആയി തരംതാഴ്ന്ന(ത്തിയ)തിന്റെ രാഷ്ട്രീയം വളരെ പ്രകടമാണ്. ഒരർഥത്തിൽ ശാസ്ത്രീയ അന്വേഷണത്തി(Scientific research)ന്റെ തലം ഉള്ള ഒരു പ്രവർത്തനം ഒരു വെറും 'ജോലി' ആയി പുലരുന്നത് ബ്രാഹ്മണിക് ആധിപത്യത്തിന്റെ 'ആധിപത്യ ഭീകരത'യുമായി കൂട്ടി വായിക്കുക. പുകൾപെറ്റ തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ തേങ്ങയുടച്ചതിനു ശേഷമാണ് 'ശാസ്ത്രീയ' പ്രവർത്തനങ്ങൾ ആരംഭിക്കാറുള്ളത് എന്നതും മറ്റൊരു വസ്തുതയാണ്. ബ്രാഹ്മണിക് മുഖ്യധാര ഇന്ത്യൻ മുഖ്യധാരയായി പരിവർത്തിക്കപ്പെട്ടിട്ടുമുണ്ട്. അങ്ങനെ ബ്രാഹ്മണന്റെ യുക്തി മുഖ്യധാരാ യുക്തിയായതിനാലും ശാസ്ത്രീയ യുക്തിയായതിനാലും അപര വിഭാഗങ്ങൾ നിരന്തരം അശാസ്ത്രീയവത്കരണത്തിനും പാർശ്വവത്കരണത്തിനും വിധേയമാക്കപ്പെടുന്നു. ഈ പ്രശ്നത്തെയാണ് പുതിയ വിജ്ഞാനോൽപാദനത്തിലൂടെ കാഞ്ച ഐലയ്യ അട്ടിമറിക്കുന്നത്.

ഇന്ത്യയിലെ ആദിവാസികളാണ് ശാസ്ത്രത്തിന് വിത്തു പാകിയത്. പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള ഒരു ജനതയുടെ ശ്രമത്തെയാണ് ആദിവാസിയുടെ ജീവിതം പ്രതിനിധീകരിക്കുന്നത്. ഈ ആദിവാസിയെ ചൂഷണം ചെയ്താണ് മുഴുവൻ ബ്രാഹ്മണിക് വ്യവഹാരങ്ങളും നിലനിൽക്കുന്നത്. തെലുങ്കാനയിലെ ആദിവാസി ജീവിതത്തിന്റെ വൈവിധ്യത്തെക്കുറിച്ച ഫീൽഡ് റിസർച്ചിലൂടെയാണ് കാഞ്ച ആദ്യത്തെ അധ്യായം (Unpaid Teachers) തുടങ്ങുന്നത്. തുടർന്ന് ഫെമിനിസം, ആർമി, ശാസ്ത്രജ്ഞൻ, ഡോക്ടർ തുടങ്ങിയ ആധുനിക ഫ്രെയിമിലൂടെ ഇന്ത്യയിലെ കീഴാള ജീവിതശൈലിയെ വായിച്ചെടുക്കുന്നു. ഉദാഹരണത്തിന് Chakalis എന്ന ജാതിയിലെ സ്ത്രീകൾ അലക്കുകാരാണ്. ബ്രാഹ്മണർ മുതൽ തങ്ങൾക്ക് തൊട്ടു മുകളിലുള്ള ശൂദ്ര ജാതി ശ്രേണിയിലുള്ളവരുടെ വരെ വസ്ത്രം അലക്കാൻ വിധിക്കപ്പെട്ടവരാണവർ. സഹസ്രാബ്ദങ്ങളായി അലക്കുകാരായി ജീവിക്കുന്ന ചക്കാലീസ് സ്ത്രീകൾ അറിയപ്പെടാത്ത 'ഫെമിനിസ്റ്റുകളാ'ണെന്നും ഇന്ത്യൻ സാമൂഹിക ജീവിതത്തിന്റെ അടിക്കല്ലുകളാണെന്നും കാഞ്ച വാദിക്കുന്നു. ഇവിടെയാണ് സമകാലിക ഫെമിനിസത്തിന്റെ

ചില പ്രവർത്തനങ്ങൾ നമുക്ക് പരിശോധിക്കേണ്ടിവരുന്നത്. ഈയടുത്ത് മംഗലാപുരത്തെ ഒരു പബ്ബിൽ കയറി കള്ളുകുടിച്ച കുറച്ച് എലൈറ്റ് പെൺകുട്ടികളെ പ്രമോദ് മുത്തലിക്കിന്റെ ശ്രീരാമ സേന തല്ലിയോടിച്ചു (പ്രമോദ് മുത്തലിക്കിന്റെ ശ്രീരാമ സേനയെ 'വാനരസേന' എന്നു വിളിച്ചവരുണ്ട്. പക്ഷേ ശ്രീരാമ സേന എന്നു തന്നെയാണ് കൂടുതൽ നല്ലത്). ഇതിനെതിരെ മധ്യവർഗ ഫെമിനിസ്റ്റുകൾ നടത്തിയ കാമ്പയിനാണ് പിങ്ക് ഷഡ്ഡി കാമ്പയിൻ. പ്രമോദ് മുത്തലിക്കിന്റെ ഓഫീസിലേക്ക് ആയിരക്കണക്കിന് പിങ്ക് ഷഡ്ഡികളാണ് എത്തിയത്. കാമ്പയിന് ബ്ലോഗുകളിലും ഫെയ്സ് ബുക്കിലും വൻ സ്വീകാര്യത ലഭിച്ചു. ഈ സംഭവത്തോട് പ്രതികരിക്കവെ ദലിത് ഫെമിനിസ്റ്റുകൾ പറഞ്ഞത്, പിങ്ക് ഷഡ്ഡി കാമ്പയിൻ ഒരു ബ്രാഹ്മണിക്കൽ ഫെമിനിസ്റ്റ് ഏർപ്പാടാണെന്നാണ്. അതായത് ഇന്ത്യയിലെ ഗ്രാമങ്ങളിൽ മില്യൻ കണക്കിന് കീഴാള സ്ത്രീകൾ ജാതീയത കൊണ്ടും മുസ്‌ലിമായതിന്റെ പേരിലും നിരന്തരം അപമാനിക്കപ്പെടുമ്പോൾ മധ്യവർഗ ഫെമിനിസ്റ്റുകൾ പിങ്ക് ഷഡ്ഡി കാമ്പയിന് നേതൃത്വം നൽകിയത് ഇന്ത്യൻ ഫെമിനിസത്തിന് സംഭവിച്ച ഉള്ളടക്ക രാഹിത്യം മൂലമാണ്. ലൗ ജിഹാദ് പ്രശ്നത്തിലും സൂഫിയ മഅ്ദനി പ്രശ്നത്തിലും നമ്മുടെ ഫെമിനിസ്റ്റുകൾ മൗനം പാലിക്കുന്നത് ഒരു ബ്രാഹ്മണിക് ബോധം പുലർത്തിയതു മൂലമാണ്. ഇവിടെയാണ് കാഞ്ച അടിത്തട്ടിലുള്ള ജീവിതത്തെ അഭിസംബോധന ചെയ്ത് പുതിയ വൈജ്ഞാനിക രൂപീകരണ ശ്രമങ്ങൾ നടത്തുന്നത്. അതായത്, രാഷ്ട്രീയവത്കരണത്തിന്റെ ആദ്യ ശ്രമം വൈജ്ഞാനിക രൂപവത്കരണത്തിന്റെ (Knowledge production) മേഖലയാണ്. ഈ സുപ്രധാന ചിന്തയാണ് കാഞ്ച എഴുത്തിന്റെ സ്പിരിറ്റ്. ഈ സ്പിരിറ്റിനെ ഉൾകൊള്ളുക എന്നതാണ് കാഞ്ചയിൽ നിന്ന് നമുക്ക് പഠിക്കാനുള്ളത്. കാഞ്ചയുടെ എഴുത്തിന്റെ റാഡിക്കൽ സ്പിരിറ്റിനെ ഇന്ത്യയിലെ ദലിത് ജീവിതത്തിന്റെ നടുക്കുന്ന യാഥാർഥ്യങ്ങളെക്കുറിച്ച പശ്ചാത്തലത്തിൽ വേണം വായിക്കാനും വിലയിരുത്താനും.

മൗലിക ചിന്തയുടെ കനം കൊണ്ടാണ് കാഞ്ച നമ്മെ അമ്പരപ്പിക്കുന്നത്. ഇന്ത്യയിലെ അക്കാദമിക് ബുദ്ധിജീവികളിൽനിന്ന് കാഞ്ച വ്യത്യസ്തനാവുന്നത് ദലിത്, ആദിവാസി, മുസ്‌ലിം, ബഹുജൻ മുന്നേറ്റത്തോട് പുലർത്തുന്ന നിശിതമായ കൂറിനാലാണ്. ഈ പുസ്തകം ബ്രാഹ്മണിക് ബുദ്ധിജീവികൾ എത്ര വെറുത്താലും കീഴാളന്റെ ജീവിത നിശ്വാസങ്ങൾ ശരിവെക്കുമെന്നുറപ്പാണ്.

## ദലിത് ഫ്യൂഡലിസം; മുസ്‌ലിം തീവ്രവാദം

ശൂദ്ര ജാതിയിൽ പെട്ടവർ ഇസ്‌ലാം, ക്രിസ്ത്യൻ മതങ്ങൾ സ്വീകരിക്കുകയും തദ്ഫലമായി കൈവന്ന പുതിയ അധികാരം വഴി ഫ്യൂഡലിസ്റ്റുകളാവുകയും ചെയ്തിട്ടുണ്ടെന്നാണ് കാഞ്ച പറയുന്നത്. ഇത് ഇസ്‌ലാമിന്റെ പ്രാപഞ്ചിക മൂല്യങ്ങളോടോ ലോകാനുഭവങ്ങളോടോ ചേർത്തുകാണാൻ കഴിയില്ലെന്നും മറിച്ച് ഇന്ത്യയിലെ ജാതി വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ വേണം ഇതിനെ വായിക്കാനെന്നും അദ്ദേഹം അടിവരയിടുന്നു.

അതോടൊപ്പം ഇന്ത്യയിലെവിടെയും 'പുരോഗമന-ആദർശ' രാഷ്ട്രീയത്തിന്റെ മറവിലും തുറവിലും പ്രവർത്തിക്കുന്ന ബ്രാഹ്മണിക് പ്രത്യയശാസ്ത്രമാണ് ദലിത് ഫ്യൂഡലിസത്തെക്കുറിച്ച ഭീതി നിരന്തരം ഉൽപാദിപ്പിക്കുന്നത്. കേരളത്തിൽ ഇടതുപുരോഗമന ആദർശ രാഷ്ട്രീയത്തിന്റെ വലിയൊരു വാഗ്ദാനമായിരുന്നു സഹോദരൻ അയ്യപ്പന്റെ 1935-ലെ പന്തിഭോജന പ്രസ്ഥാനം. 37 ഈഴവരും ഒരു ദലിതനും

പങ്കെടുത്ത പ്രസ്തുത പന്തിഭോജനം കേരളത്തിന്റെ 'പുരോഗമന' രാഷ്ട്രീയത്തിന്റെ 'പൊതു' അജണ്ടയായിരിക്കാം. എന്നാൽ 'ദലിത്' രാഷ്ട്രീയത്തെയാണ് പന്തിഭോജനം അദൃശ്യവത്കരിച്ചത്. ഒരൊറ്റ ദലിതനെ മാത്രം പങ്കെടുപ്പിച്ചു നടത്തിയ അഭ്യാസമായിരുന്നു പുരോഗമന ആദർശ രാഷ്ട്രീയത്തിന്റെ അടിത്തറ. ഇവരാണിപ്പോൾ ദലിത് ഫ്യൂഡലിസത്തെക്കുറിച്ച ഭീതി നിരന്തരം ഉൽപാദിപ്പിക്കുന്നത്. അതോടൊപ്പം തൊണ്ണൂറോടുകൂടിയാണ് ദലിത് ഫ്യൂഡലിസം, മുസ്‌ലിം തീവ്രവാദം എന്നിവ മുഖ്യധാരാ (mainstream) രാഷ്ട്രീയത്തിന് ഭീതിയുണർത്തിയത്. ഇത് മറ്റൊരു ചരിത്ര വസ്തുതയെ ഓർമിപ്പിക്കുന്നു. ജാവീദ് ആലമിന്റെ 'ആർക്കാണ് ജനാധിപത്യം വേണ്ടത്?' (Who Wants Democracy? - Orient Longman) എന്ന പുസ്തകത്തിൽ പറയുന്നത്, തൊണ്ണൂറുകളിലാണ് മുസ്‌ലിം- ദലിത് രാഷ്ട്രീയത്തിന്റെ സാന്നിധ്യം (visibility) കോൺഗ്രസ്-ഇടത്-ബി.ജെ.പി നേതൃത്വം നൽകുന്ന മുഖ്യധാരാ രാഷ്ട്രീയത്തിന്റെ അടിത്തറയായി വർത്തിക്കുന്ന ഹൈന്ദവ  ബ്രാഹ്മണിക് വരേണ്യ നിർവഹണങ്ങളുടെ രൂപമാതൃകകളെ ചോദ്യംചെയ്യാൻ തുടങ്ങിയത്. മണ്ഡൽ കമീഷൻ, ബാബരി ധ്വംസനം ഇവയാണ് 'പുതിയ' രാഷ്ട്രീയത്തിന്റെ രൂപീകരണത്തെ ത്വരിപ്പിച്ചത്. ഈയൊരു രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ദലിത്-മുസ്‌ലിം ഭീതി, വരേണ്യത, തീവ്രവാദം തുടങ്ങിയ ആരോപണങ്ങളെയും കാണേണ്ടത്. മുസ്‌ലിം വരേണ്യതയെ മുൻനിർത്തി ഈയടുത്ത് പുറത്തിറങ്ങിയ 'പാലേരി മാണിക്യം- ഒരു പാതിരാ കൊലപാതകത്തിന്റെ കഥ' എന്ന സിനിമ ഉൽപാദിപ്പിക്കുന്ന 'മുസ്‌ലിം ഭീതിയും' തൊണ്ണൂറുകളുടെ ശേഷമുള്ള 'പുതിയ' രാഷ്ട്രീയത്തോടുള്ള ഭീതിയും നാം കൂട്ടിവായിക്കേണ്ടതാണ്. ഇങ്ങനെ കാഞ്ച ഐലയ്യയുടെ പുസ്തകം ദലിത് ബഹുജനങ്ങളുടെ സവിശേഷ രാഷ്ട്രീയത്തിന്റെ ഊർജസ്രോതസ്സായി മാറുന്നു.

**പിൻകുറി:** പുസ്തകത്തിലൊരിടത്ത് 'ആർ.എസ്.എസ്-ബി.ജെ.പി-വി.എച്ച്.പി ഫത്വ' എന്നാണ് കാഞ്ച ഐലയ്യ പ്രയോഗിച്ചത്. മുസ്‌ലിമിനോട് അതീവ സൗഹൃദം പുലർത്തുന്ന കാഞ്ചയുടെ അബോധം ഒരർഥത്തിൽ മുസ്‌ലിം വിരുദ്ധമാവുന്നതിനെ നാം എങ്ങനെയാണ് വിലയിരുത്തുക? പ്രത്യേകിച്ച് ഉസാമാ ബിൻലാദിനെ പോലും അംഗീകരിച്ചും ആദർശവത്കരിച്ചും എഴുതുന്ന കാഞ്ച ഐലയ്യ എന്ന മനുഷ്യന്റെ ഒരു 'അബദ്ധം' മാത്രമായി അതിനെ വിലയിരുത്താം. ■

**Post Hindu India**
**A Discourse in Dalit Bahujan,**
**Socio- Spiritual and Scientific**
**Revolution**
**KANCHA ILAIAH**
**Sage Publication**